കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

നം. ഇ(2)7000/2023/എസ്.സി.ഇ.സി തീയതി:22.11.2023

# സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പുറപ്പെടുവിക്കുന്ന സർക്കുലർ

## സർക്കുലർ നമ്പർ.2/2023

വിഷയം:- സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്-അപേക്ഷ സമർപ്പിക്കൽ- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

പരാമർശം:-
1. 07.08.2014-ലെ സർക്കുലർ നം. 05/2014
2. 26.05.2023-ലെ 1/2023 നമ്പർ സർക്കുലർ

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് പരാമർശങ്ങൾ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതോടൊപ്പം താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. ഭരണസമിതി തെരഞ്ഞെടുപ്പ് നടക്കുന്ന കെട്ടിടം/ഹാൾ സംഘത്തിന്റെ ഉടമസ്ഥതയിൽ അല്ലായെങ്കിൽ കെട്ടിടം/ഹാൾ അനുവദിച്ച് കൊണ്ടുള്ള ഉടമസ്ഥന്റെ സമ്മതപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. കൂടാതെ വോട്ടെടുപ്പിന് ആവശ്യമായ സ്ഥലം, സൗകര്യം (ബൂത്തുകൾ ക്രമീകരിക്കുന്നതിന്) തെരഞ്ഞെടുപ്പ് നടത്തുന്നതിനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് ഉണ്ടെന്ന് ഉറപ്പുവരുത്തി അപേക്ഷ കമ്മീഷന് സമർപ്പിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആയവ കൃത്യമായ മേൽ പരിശോധന നടത്തി സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ടി ചുമതല മറ്റ് ഉദ്യോഗസ്ഥർക്ക് കൈമാറി നൽകാൻ പാടില്ലാത്തതുമാണ്.
2. ഒരേ ഓഫീസിന്റെ നിയന്ത്രണത്തിൽ വരുന്ന ഒന്നിലധികം സംഘങ്ങളുടെ തെരഞ്ഞെടുപ്പ് തീയതികൾ അടുത്ത അടുത്ത ദിവസങ്ങളിൽ വരുന്നുണ്ടെങ്കിൽ വ്യത്യസ്ത വരണാധികാരികളെ ശിപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം വരണാധികാരിയെ മാറ്റി പകരം മറ്റൊരു വരണാധികാരിയെ നിയമിച്ച് കൊണ്ടുള്ള ഭേദഗതി ഉത്തരവുകൾ കമ്മീഷൻ നൽകുന്നതല്ല.
3. ഭാരവാഹികളുടെ ആകസ്മിക ഒഴിവിലേക്കുള്ള തെരഞ്ഞെടുപ്പ് അപേക്ഷകൾ സഹകരണ നിയമം ചട്ടം 43(2) പ്രകാരം കൃത്യസമയം പാലിച്ച് സമർപ്പിക്കേണ്ടതാണ്. ഇത്തരം ഒഴിവുകൾ ഉണ്ടായി 15 ദിവസത്തിനകം അപേക്ഷ കമ്മീഷനിൽ ലഭ്യമാക്കേണ്ടതും ഒഴിവ് ഏത് വിഭാഗത്തിൽ എങ്ങനെ ഉണ്ടായി എന്നുള്ളതു സംബന്ധിച്ച വ്യക്തമായ റിപ്പോർട്ടും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതാണ്.
4. ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൻ കീഴിലുള്ള സഹകരണസംഘങ്ങളുടെ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് അപേക്ഷകളിൽ ഇലക്ടറൽ ഓഫീസറായും, റിട്ടേണിംഗ് ഓഫീസറായും ശിപാർശ ചെയ്യുന്നവരുടെയും, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പുകളിൽ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കപ്പെടുന്നവരുടെയും ഫോൺ നമ്പരുകൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ടി നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

ശോഭാ നായർ എൽ
മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ

കോ-ബാങ്ക് ടവർ, പാളയം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695 033
ഫോൺ:0471 2311114, 2311102 ഇമെയിൽ: keralascec@gmail.com